**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4032** **28-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയ്ക്കായി നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ സ.ഉ.(സാധാ)നം.290/2023/ആ.കു.വ തീയതി 06/02/2023 പ്രകാരം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമിക്കുന്നതിന് 28.5 കോടി (ഇരുപത്തിയെട്ട് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തന ത്തിന്റെ ഭാഗമായി സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ ഭാഗമായി നിർമ്മിക്കുന്ന കെട്ടിടത്തിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (ബി) | പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തീയേറ്റർ, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള വിവിധ സ്പെഷ്യാലിറ്റി വാർഡുകൾ, ലേബർ റൂം കോംപ്ലക്സ് എന്നിവയാണ് ലഭ്യമാക്കപ്പെടുന്ന സൗകര്യങ്ങൾ. നിർമ്മാണ പ്രവർത്തനത്തിന്റെ ടെൻഡർ എടുത്തി രിക്കുന്ന സ്ഥാപനം പൊതുമരാമത്ത് വകുപ്പുമായി ഉണ്ടാക്കിയ കരാർ പ്രകാരം 18 മാസം കൊണ്ട് പണി പൂർത്തിയാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ